LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽനിന്നും പുനർവിന്യാസം വഴി 65 പേർ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായിട്ടുണ്ട്.

(ബി) തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിംഗിൽ നാളിതുവരെ 70 ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിംഗിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കൂടുതൽ പരിശോധന ആവശ്യമാണ്.

## ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി

257 (3544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച എല്ലാ വീടുകൾക്കും ധനസഹായം വിതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്ക് ധനസഹായം അനുവദിച്ചുവെന്നും ; എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടില്ല. മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ ഭവന നിർമ്മാണം 31-3-2015- ന് മുമ്പായി പൂർത്തികരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കുന്നതിനും, പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ഗഡുക്കളും കൊടുത്ത്

തീർക്കാത്തവർക്ക് ബാക്കി ഗഡു ഉണ്ടെങ്കിൽ ആയത് കൊടുക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക വായ്പാ തിരിച്ചടവിന് വിനിയോഗിക്കണമെന്നും, ആയതിന് ശേഷവും മിച്ചമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇ.എം.എസ്. ഭവന പദ്ധതിക്ക് പകരമായി പുതിയ ഭവന പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ ഐ.എ.വൈ. അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ 11-3-2013 -ലെ സ.ഉ(എം എസ്.) 83/13/ത.സ്വഭവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി**

258 (3545) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്കു മുമ്പ് വായ്പ ഒരുമിച്ച് അടച്ചുകഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് ; ഇവർ ആരൊക്കെയാണ് ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ, സ്ഥലം വാങ്ങാൻ ധനസഹായം നൽകുകയോ ചെയ്യുമ്പോൾ വസ്തുവിന്റെ ആധാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനുവദിക്കുന്ന സ്ഥലത്തിന്റെ/വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 12 വർഷത്തേക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്റ്റാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. കരാർ റദ്ദ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly